# ദൈവീകത നഷ്ടപ്പെടുത്താതിരിക്കുക

**എബ്രായർ 12:16**

**"ഒരു ഊണിന്നു ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അഭക്തനോ ആയിത്തീരുകയും ചെയ്യാതിരിപ്പാൻ കരുതിക്കൊൾവിൻ."**

തന്റെ താത്കാലികമായ വിശപ്പടക്കാൻ വേണ്ടി വിലയേറിയ ജ്യേഷ്ഠാവകാശത്തെ നിസ്സാരമായി കരുതി വിറ്റു കളഞ്ഞ ഏശാവിനെ കുറിച്ച് നാം ഉൽപത്തി പുസ്തകത്തിൽ വായിച്ചിട്ടുണ്ട്. അവൻ തന്റെ നൈമിഷികമായ സന്തോഷത്തിനു വേണ്ടി അമൂല്യമായ ഒന്നിനെ വിറ്റു കളഞ്ഞു. എന്നാൽ ജ്യേഷ്ഠാവകാശത്തിന്റെ വിലയറിയാമായിരുന്ന യാക്കോബ് സൂത്രത്തിലൂടെയെങ്കിലും അത് കൈവശമാക്കാൻ ശ്രമിക്കുന്നു. നഷ്ടപ്പെടുത്തിയ ശേഷം എത്ര കരഞ്ഞിട്ടും ഏശാവിനു അനുഗ്രഹം തിരികെ കിട്ടിയില്ല എന്നും നാം വചനത്തിൽ കാണുന്നു.

ഇന്ന് നാം ആയിരിക്കുന്ന ഈ ലോകത്തിലെ ചില ക്ഷണികമായ സന്തോഷത്തിനു വേണ്ടി വളരെ വിലയുള്ള ദൈവസാന്നിദ്ധ്യത്തെ തള്ളിക്കളയുന്നവരാണോ നാം എന്ന് നമ്മോട് തന്നെ ഒന്നു ചോദിച്ചു നോക്കുക. എങ്കിൽ ഏശാവിന്റെ ജീവിതം നമ്മുടെ മുമ്പിൽ ഒരു ദൃഷ്ടാന്തമായി കിടക്കുന്നു. അവനെ പോലെ ഒരു അഭക്തനായി തീരരുത് എന്ന് വചനം നമ്മെ വ്യക്തമായി ഓർമ്മപ്പെടുത്തുന്നു.

ഒരു ദൈവപൈതൽ ദൈവീക പ്രകാശത്തിൽ ജീവിച്ച് നിത്യതയിൽ ദൈവത്തോട് ചേരാനാണ് ദൈവം ആഗ്രഹിക്കുന്നത്. എന്നാൽ നമുക്ക് ഈ ലോകത്തോടും ലോകത്തിലുള്ളതിനോടുമാണ് സ്നേഹം. ഏശാവ് ആ പായസം കുടിക്കാതെയും ജ്യേഷ്ഠാവകാശം വിൽക്കാതെയും ഇരുന്നിരുന്നെങ്കിൽ അവന് എത്ര വലിയ ഒരു അനുഗ്രഹമായിരുന്നു ലഭിക്കേണ്ടിയിരുന്നത്. എന്നാൽ ഏശാവ് ചിന്തിച്ചത് മറിച്ചായിരുന്നു. **"ഞാൻ മരിക്കേണ്ടിവരുമല്ലോ, ഈ ജ്യേഷ്ഠാവകാശം എനിക്ക് എന്തിന്ന്"** എന്നു പറഞ്ഞു.

ഇതു പോലെയാണ് നമ്മെയും സാത്താൻ വഞ്ചിക്കുന്നത്. പലതും നമുക്ക് ഇപ്പോൾ ലഭിച്ചില്ലെങ്കിൽ പിന്നെ നിന്റെ ജീവിതം തന്നെ വ്യർത്ഥമാണെന്ന് നമ്മെ കൊണ്ട് ചിന്തിപ്പിക്കുന്നു. ഏശാവ് വിശപ്പുകൊണ്ട് മരിക്കുന്ന അവസ്ഥയിൽ ഒന്നുമായിരുന്നില്ല. എന്നാൽ അവൻ ഇവിടെ തന്റെ ജ്യേഷ്ഠാവകാശത്തേക്കാൾ വിശപ്പിനും, ജീവനും വില നൽകി. അതു കൊണ്ട് അവന് പിന്നീട് ദു:ഖിക്കേണ്ടി വന്നു.

നാമും ചിന്തിച്ചു നോക്കുക, നമ്മുടെ ജീവിതത്തിൽ എന്തിനാണ് നാം വില കൽപ്പിക്കുന്നത്. ദൈവത്തോടുള്ള നിത്യമായ വാസത്തിനോ അതോ ക്ഷണികമായ ജഡാഭിലാഷങ്ങൾക്കോ? തീരുമാനം നമ്മുടേതാണ്. പിശാചിനു നമ്മെ പ്രലോഭിപ്പിക്കാൻ മാത്രമേ കഴിയൂ. നമ്മുടെ തീരുമാനമാണ് പ്രധാനം. നമ്മുടെ ഉള്ളിൽ ഈ ജഡികത ഉറങ്ങി കിടക്കുന്നെങ്കിൽ മാത്രമേ അവനു നമ്മെ വീഴിക്കാൻ കഴിയൂ. എന്നാൽ ദൈവത്തോട് ചേർന്നു നിന്നാൽ അവൻ നമ്മെ ശക്തി തന്ന് നടത്തും. അതു കൊണ്ട് ഏശാവിന്റെ ജീവിതത്തിൽ നിന്ന് നാം പഠിക്കണം. വിലയുള്ളത് എന്താണ് എന്ന് നാം മനസ്സിലാക്കണം. "മണ്ണെപ്രതി നാം മാണിക്യം വെടിയരുത്." അത് തിരിച്ചറിയാനുള്ള സ്വർഗ്ഗീയ പരിജ്ഞാനത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

**പരാമർശം**

റോമർ 8:35 / 8:39

"ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിരിക്കുന്നതാർ? കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ വാളോ? ഉയരത്തിന്നോ ആഴത്തിന്നോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്നു നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു."

**സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 043**